# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 457 — 06.02.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ വിജിലൻസ് സ്ക്വാഡുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ് :
" തേറമ്പിൽ രാമകൃഷ്ണൻ :
" എ.പി. അബ്ദുള്ളക്കുട്ടി :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വരുമാനചോർച്ച തടയുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. യിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ബസ് പരിശോധനയിലൂടെ വരുമാന ചോർച്ച തടയുന്നതിനോടൊപ്പം വരുമാന വർദ്ധനവ് ലക്ഷ്യമാക്കിയുള്ള പ്രവർത്തന ങ്ങളിൽ കൂടി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി 01.04.2013 മുതൽ 10.04.2013 വരേയും 13.05.2013 മുതൽ 25.05.2013 വരേയും പ്രധാന സ്റ്റോപ്പുകളിൽ വിജിലൻസ് വിഭാഗം ഇൻസ്പെ ക്ടർമാരെ വിന്യസിപ്പിച്ചുകൊണ്ടുള്ള പോയിന്റ് ഡ്യൂട്ടി സംവിധാനം ഏർപ്പെടുത്തിയിരുന്നു. ബസ്സ് പരിശോധനയിലും വിജിലൻസ് അന്വേ ഷണങ്ങളിലും പങ്കെടുക്കേണ്ട വിജിലൻസ് വിഭാഗം ഇൻസ്പെക്ടർമാരെ പോയിന്റ് ഡ്യൂട്ടികൾക്കായി തുടർച്ചയായി നിയോഗി ക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ടി വിഭാഗം ഇൻസ്പെക്ടർമാരെ പിൻവലിച്ച് ഓർഡിനറി വിഭാഗം ഇൻസ്പെക്ടർമാരാണ് നിലവിൽ പോയിന്റ് ഡ്യൂട്ടികളിൽ ഏർപ്പെടു ന്നത്. പോയിന്റ് ഡ്യൂട്ടി സംവിധാനം കാര്യ ക്ഷമമാക്കുന്നതിന്റെ ഭാഗമായി, വീണ്ടും വിജി ലൻസ് വിഭാഗം ഇൻസ്പെക്ടർമാരെ കൂടി വിന്യസിപ്പിച്ചുകൊണ്ട് ടി സംവിധാനം വിപുല പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 21 സ്ക്വാഡ് യൂണിറ്റുകളുടെയും പ്രവർത്തനം വിപുലീകരിച്ച് ബസ് പരിശോധന കർശനമാക്കി, ടിക്കറ്റില്ലാ യാത്ര ഒഴിവാക്കി യും, മറ്റിതര രീതിയിലുള്ള വരുമാന ചോർച്ചയും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി കോർപ്പറേഷനിലെ വിജിലൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തമാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ; | (ബി) | വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തി ശക്തമാക്കിയിട്ടുണ്ട്. |
| (സി) | സ്ക്വാഡുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) | വിജിലൻസ് വിഭാഗത്തിൽ 21 സ്ക്വാഡ് യൂണിറ്റുകളാണ് നിലവിലുള്ളത്. ഓരോ സ്ക്വാഡ് യൂണിറ്റിലും ഇൻസ്പെക്ടർ-ഇൻ-ചാർജ്ജ് ഉൾപ്പെടെ 13 ഇൻസ്പെക്ടർമാരാണുള്ളത്. വിജിലൻസ് വിഭാഗം പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ചീഫ് ഓഫീസിൽ വിജിലൻസ് ഓഫീസറുടെ ഓഫീസിൽ 8 ഇൻസ്പെക്ടർമാരും പ്രവർത്തിച്ചു വരുന്നു. മൂന്നു മാസത്തിൽ ഒരിക്കൽ എല്ലാ ഇൻസ്പെക്ടർ-ഇൻ-ചാർജ്ജുമാരുടെയും യോഗം വിളിച്ചു ചേർക്കുകയും വിജിലൻസ് വിഭാഗം പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്തു വരുന്നു. ബസ് പരിശോധനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി വിജിലൻസ് വിഭാഗം പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സ്ക്വാഡുകൾക്ക് നിർദ്ദേശങ്ങൾ നൽകുമോ ; വിശദമാക്കുമോ ? | (ഡി) | കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ നിർദ്ദേശാനുസരണം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സ്ക്വാഡ് ഇൻസ്പെക്ടർമാരെയാണ് നിയോഗിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ, പ്രസ്തുത പരാതി 21 സ്ക്വാഡ് യൂണിറ്റുകളിൽ ഏത് യൂണിറ്റിന്റെ കീഴിലാണ് വരുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് പരാതി അന്വേഷണത്തിനായി നൽകുന്നത്. |

സെക്ഷൻ ഓഫീസർ